എൻറോഴ്സ്മെന്റ് എന്നു പറയുന്നത് ഫലപ്രദമല്ല. ബാലവേല നിർമ്മാർജ്ജനം നമ്മുടെ സംസ്കാരത്തിന്റെ ഒന്നിലധികം പ്രാവശ്യം പ്രഖ്യാപനങ്ങൾമൂലം നടത്തിയതുമാണ്.

ശ്രീ. ബാബു ദിവാകരൻ: അങ്ങു പറഞ്ഞത് വളരെ ശരിയാണ്. ഹോട്ടലുകളിൽ തമിഴ്നാട്ടുകാരും ആന്ധ്രാക്കാരുമായ ധാരാളം കുട്ടികൾ പാത്രം കഴുകുന്നതിനും മറ്റുമായി നിൽക്കുന്നുണ്ട്. അതു കഠിന പ്രയത്നം ആവശ്യമുള്ള ജോലിയല്ല. അതു ബാലവേലയുടെ പരിധിയിൽ വരുന്നതല്ല. നിയമപരമായി നടപടിയെടുക്കുന്നതിനുള്ള ഒരു തടസ്സവും അതാണ്. എങ്കിലും ഹോട്ടൽ ആന്റ് റസ്റ്റാറന്റ്സ് അസോസിയേഷൻ ഭാരവാഹികളുമായും ഈ രംഗത്തു പ്രവർത്തിക്കുന്ന മുഴുവൻ സന്നദ്ധ സംഘടനകളുമായും മോട്ടോർ വർക്കുഷോപ്പ് അസോസിയേഷൻ ഭാരവാഹികളുമായും ഒക്കെ ഒരു ദിവസത്തെ സെമിനാർ നടത്തുന്നുണ്ട്. അതിൽ 14 വയസ്സിനു താഴെയുള്ള കുട്ടികളെ ഒരു കാരണവശാലും ഈ സ്ഥാപനങ്ങളിൽ എൻഗേജ് ചെയ്യിക്കാൻ പാടില്ലെന്നുള്ള ഒരു തീരുമാനം കർശനമായും നടപ്പാക്കും. 14 വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് കഠിനപ്രയത്നമുള്ള ജോലികൾ ചെയ്യിക്കുന്നുണ്ടെങ്കിൽ മാത്രമേ അവരെ ശിക്ഷിക്കാൻ പാടുള്ളൂ. അതാണൊരു നിയമ തടസ്സം. എങ്കിലും നമ്മുടെ പൊതു നിയമത്തിൽ 14 വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് ജോലിയെടുപ്പിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമമാണ് നമ്മൾ പാസ്സാക്കാൻ പോകുന്നത്. അതു വന്നു കഴിഞ്ഞാൽ പിന്നെ ഇതിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

തൊഴിലില്ലാത്ത യുവാക്കൾക്ക് വ്യവസായ സംരംഭകരായി പരിശീലനം

3 [*232] ശ്രീ. കെ. സി. ജോസഫ് :

„ ടി. വി. ചന്ദ്രമോഹൻ :

„ വി. ഡി. സതീശൻ :

ഡോക്ടർ എം. എ. കുട്ടപ്പൻ :

ശ്രീ. എം. കെ. നോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവാക്കളെ വ്യവസായ സംരംഭകരാക്കി വളർത്തിയെടുക്കുവാൻ എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) അവർക്ക് പരിശീലനം നൽകുന്നതിനും, പ്രാഗത്ഭ്യം തെളിയിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ, ബി) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതിയായ പി. എം. ആർ. വൈ., അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കളെ ചെറുകിട വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

സംരംഭകരാക്കി വളർത്തിയെടുക്കുവാനുള്ള ഒരു പ്രമുഖ പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം യുവതീ യുവാക്കൾക്ക് വ്യവസായത്തെക്കുറിച്ച് പൊതുവായും വിഷയാധിഷ്ഠിതമായും, ശില്പശാലകൾ, ചർച്ചാസമ്മേളനങ്ങൾ മുതലായവ നടത്താറുണ്ട്. ഈ പദ്ധതിയിൽ അപേക്ഷിക്കുന്ന അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വായ്പയ്ക്കായി ബാങ്കുകളിലേയ്ക്ക് ശുപാർശ ചെയ്യുകയും, ബാങ്കുകൾ ലോൺ അനുവദിക്കുന്ന സംരംഭകർക്ക് വായ്പ വിതരണം ചെയ്യുന്നതിന് മുമ്പായി വ്യവസായ വകുപ്പ് പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. കൂടാതെ സംരംഭകത്വ വികസന പരിശീലന പദ്ധതി, ടെക്നോളജി ക്ളിനിക്കുകൾ, എന്റർപ്രണേഴ്സ് അവയർനസ് പ്രോഗ്രാം, വിദ്യാർത്ഥികൾക്കായി രൂപീകരിച്ചിട്ടുള്ള എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ക്ളബ്ബുകൾ എന്നിവ മുഖേനയും പരിശീലന പദ്ധതികളും വിവിധ വിഷയങ്ങളിൽ സെമിനാറുകളും നടത്തുന്നുണ്ട്.

ഐ. ടി., ബയോടെക്നോളജി, ഫുഡ് പ്രോസസിംഗ് തുടങ്ങിയ ഹൈടെക് മേഖലയിൽ നവീന ആശയങ്ങളുമായി എത്തുന്ന യുവ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള വെൻച്വർ ക്യാപിറ്റൽ ഫണ്ടിൽ നിന്നും വായ്പ ലഭ്യമാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> തൊഴിൽ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. സഹായം കൊടുക്കുമെന്ന് പറഞ്ഞു. എറണാകുളം മേഖലയിലുണ്ടാകുന്ന വമ്പിച്ച വ്യവസായ പുരോഗതി, അറിടെയുള്ള പുതിയ തൊഴിൽ സാധ്യതകൾ അവയൊക്കെ കണക്കിലെടുത്തുകൊണ്ട്, ആ മേഖലയിലെ ശാസ്ത്ര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട, തൊഴിൽ സംരംഭകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള തൊഴിൽ പരിശീലനങ്ങൾ കൊടുക്കുവാനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> അതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യും ഐ. ടി. വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി, പലപ്പോഴും അതിനുവേണ്ടി ശുപാർശ ചെയ്യുന്ന കേസ്സുകൾ ബാങ്കുകൾ അംഗീകരിക്കാറില്ല. വ്യവസായ സംരംഭകരുമായി ചർച്ച നടത്തി വയബിളായിട്ടുള്ള സ്കീം കൊടുത്താൽ പ്പോലും ബാങ്കുകളുടെ സമീപനം നിഷേധാത്മകമായതുകൊണ്ട് പലപ്പോഴും വായ്പ ലഭിക്കുന്നില്ല എന്നകാര്യം കണക്കിലെടുത്തുകൊണ്ട്, ദയവായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ശുപാർശ ചെയ്യുന്ന എല്ലാ അപേക്ഷകളിലും വായ്പ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായിട്ടുള്ള ജില്ലാതല ടാസ്ക് ഫോഴ്സ്, അതിനകത്ത് ബാങ്ക് മാനേജർമാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഇന്റർവ്യൂ നടത്തുന്നത്. ഈ പറഞ്ഞ ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് അങ്ങനെയൊരു നടപടി സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: വ്യവസായ കേന്ദ്രങ്ങളിലെ ഒരു പ്രധാന തടസ്സമായി വരുന്നത് വിപണിയാണ്. സെമിനാറുകളിലും ചർച്ചകളിലും വിവിധ വകുപ്പുകളും മറ്റും വ്യത്യസ്ത അഭിപ്രായങ്ങളോടുകൂടി എടുക്കുന്ന തീരുമാനങ്ങളിലൊന്നും തന്നെ വിപണിയെ സംബന്ധിച്ചുള്ള പരാമർശങ്ങൾ പിന്നീടു വരുന്നില്ല. അതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്നു പറയണം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ചെറുകിട വ്യവസായങ്ങളുടെ വിപണി സജീവമാക്കുന്നതിനും അതു വളരെ പ്രയോജനകരമാക്കുന്നതിനുംവേണ്ടി ക്ലസ്റ്റർ ഡവലപ്പ്മെന്റിനു ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ വ്യവസായങ്ങൾക്കുള്ള ക്ളസ്റ്ററുകൾ വളരെ ഭംഗിയായി നടപ്പാക്കി വരുന്നുണ്ട്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: നമ്മുടെ സംസ്ഥാനത്ത് ധാരാളം വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വി.ആർ.എസ്. വാങ്ങി ആളുകൾ പുറത്തു വരുന്നുണ്ട്. തൊഴിലാളികൾക്ക് മറ്റേതെങ്കിലും കൂലിപ്പണിക്കു പോകാൻ സാധിച്ചു എന്നു വരാം. എന്നാൽ സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം നല്ല നിലയിൽ ജോലി ചെയ്ത് ശമ്പളം വാങ്ങിയിരുന്ന ആളുകൾ ഈ രീതിയിലുള്ള എന്തെങ്കിലും ഒരു സംരംഭം തുടങ്ങാൻ ആഗ്രഹിച്ചാൽ, അവർക്ക് അതിനുള്ള സൗകര്യം ഇന്നില്ല. അതുകൊണ്ട് വ്യത്യസ്തമായ മേഖലകളിൽ ജോലി ചെയ്തിട്ടുള്ള ആളുകൾ, അവർക്ക് ഇതുപോലുള്ള എന്തെങ്കിലും സംരംഭം തുടങ്ങാൻ വേണ്ടിയുള്ള സഹായങ്ങളും നിർദ്ദേശങ്ങളും ലഭിക്കുവാൻ എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: വി.ആർ.എസ്. അവർ സ്വയം സ്വീകരിച്ച് പുറത്തു വരുന്ന ആളുകളാണ്. അവരുടെ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകിച്ച് എന്തെങ്കിലും ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല എങ്കിലും അവർ കൂട്ടായി യോജിച്ച് മുന്നോട്ടു വരികയാണെങ്കിൽ അവർക്ക് പ്രത്യേക സഹായം ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന ചെറുപ്പക്കാർ കെ.എഫ്.സി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം കടമെടുക്കുകയും അവസാനം അത് എങ്ങുമെത്തിക്കാതെ ആത്മഹത്യയിൽ എത്തിച്ചേരുകയും ചെയ്യുന്ന ദൗർഭാഗ്യകരമായ ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഈ സംരംഭങ്ങൾ തുടങ്ങുമ്പോൾ സാമ്പത്തിക അച്ചടക്കം പാലിക്കാത്തതുകൊണ്ട്, വലിയ ഇൻവെസ്റ്റുമെന്റ് വേണ്ടിവരികയും

cost of production വല്ലാതെ കൂടുകയും സാമ്പത്തിക അച്ചടക്കം പാലിക്കാതെ കടക്കെണിയിലാകുകയും ചെയ്യുകയാണ് ചെയ്യുന്നത്. ഇവർക്ക് പരിശീലനം കൊടുക്കുമ്പോൾ, ഓരോ സംരംഭങ്ങളും തുടങ്ങുമ്പോൾ പാലിക്കേണ്ട സാമ്പത്തികമായ അച്ചടക്കത്തിനെക്കുറിച്ചുള്ള പ്രത്യേക സർവ്വേകൾ നിർബന്ധമായി വയ്ക്കാൻ വേണ്ടി ശ്രമിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഏതെങ്കിലും ചെറുകിട വ്യവസായം തുടങ്ങുവാൻ മുന്നോട്ടുവരുന്ന പുതിയ സംരംഭകർ വയബിലിറ്റിയും ഫീസിബിലിറ്റിയും പ്രത്യേകം ശ്രദ്ധിക്കണമെന്നു ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അതിനുള്ള പരിശീലനം നൽകുവാനും വ്യവസായ വാണിജ്യവകുപ്പ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന, സംരംഭത്തിനുവേണ്ടി പണം കടം കൊടുക്കുന്ന പി. എം. ആർ. വൈ പ്രോജക്ടുകളിലെല്ലാം ആളുകളെ പരിശീലനത്തിനുവേണ്ടി വിടുന്നുണ്ട്. ബാങ്കുകളുടെ അനുമതിയോടുകൂടിയാണ് ഇവരെല്ലാം പരിശീലനത്തിനു പോകുന്നത്. പത്തും പതിനഞ്ചും ദിവസക്കാലത്തെ പരിശീലനത്തിനുശേഷം തിരിച്ചു വരുമ്പോൾ, ബാങ്കുകൾ പണം കൊടുക്കാൻ മടിക്കുന്ന ഒരു അവസ്ഥ ഉണ്ടാകുകയാണ്. നമ്മുടെ ജില്ലാ വ്യവസായ കേന്ദ്രങ്ങളും ബാങ്കുകളും ചേർന്ന് സംയോജിതമായി പരിശീലനത്തിന് അയയ്ക്കുന്ന ചെറുപ്പക്കാർക്കെങ്കിലും നിർബന്ധമായി പണം കൊടുക്കുന്ന ഒരു അവസ്ഥ ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: പരിശീലനത്തിന് തെരഞ്ഞെടുക്കുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്യുന്ന ആളുകൾക്ക് നിർബന്ധമായും ലോൺ ലഭിക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: എൻട്രൻസ് പരീക്ഷകളിൽക്കൂടി പ്രവേശനം കിട്ടാത്തവർക്കും സ്കിൽഡായിട്ടുള്ള ചെറുപ്പക്കാർക്കും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Entreprencurship training കൊടുക്കാൻ, ഈവനിംഗ് ക്ളാസ്സുകൾ നടത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഇപ്പോൾത്തന്നെ ഗവൺമെൻറ് അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇരുന്നൂറോളം Entreprencurs' clubs നമ്മുടെ കോളേജുകളിൽ തുടങ്ങിയിട്ടുണ്ട്. ഓരോ ക്ളബ്ബിനും ഗവൺമെന്റ് 12,000 രൂപ വരെ സൗജന്യമായി നൽകുന്നുണ്ട്. ആ ക്ളബ്ബുകൾ സെമിനാറുകളും വർക്കുഷോപ്പുകളും നടത്തി പ്രത്യേകം അവർക്ക് പരിശീലനം നൽകുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly